'ജലം ജീവാമൃതം'

## കേരള ജല അതോറിറ്റി മാനേജിങ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:-KWA-REV- വാട്ടർ ചാർജ് അടക്കുന്നതിന്റെ സമയപരിധിയും ഗാർഹിക വിഭാഗം കണക്ഷനുകളിലെ കുടിശ്ശികയുടെ ഫൈനും പുനഃക്രമീകരിക്കുന്നതു- സംബന്ധിച്ച്

---

## കേരള വാട്ടർ അതോറിറ്റി

നമ്പർ: 14031/SS I (RMC)/2021/കെ ഡബ്ല്യൂ എ തീയതി, തിരുവനന്തപുരം, 24.08.2021

---

സൂചന:- കേരള വാട്ടർ അതോറിറ്റി ബോർഡിൻറെ 23 /07 / 2021 ൽ കൂടിയ 420 താമത് മീറ്റിംഗിലെ തീരുമാനം No. 11155 .

2) 02/07/2021 കൂടിയ റവന്യൂ റിവ്യൂ മീറ്റിംഗിലെ തീരുമാനം

**ഉത്തരവ്**

കേരള വാട്ടർ അതോറിറ്റി ഉപഭോക്താക്കളുടെ വാട്ടർ ചാർജ് അടക്കുവാനുള്ള സമയ പരിധി നിലവിൽ ഫൈൻ ഇല്ലാതെ 30 ദിവസവും ഫൈനോടുകൂടി 15 ദിവസവുമാണ്. ഇത് മൂലം റവന്യൂ കളക്ഷനും മറ്റു അനുബന്ധ ജോലികൾക്കും വളരെയധികം ബുദ്ധിമുട്ടു നേരിടുന്നതായി സൂചന രണ്ടു പ്രകാരം നടന്ന റവന്യൂ റിവ്യൂ മീറ്റിംഗിൽ റവന്യൂ ഓഫീസർമാർ അറിയിക്കുകയും ടി വിഷയം ബോർഡിൻറെ പരിഗണനക്ക് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച് പ്രസ്തുത വിഷയം 23/07/21 ൽ കൂടിയ 420-താമത് ബോർഡിൻറെ പരിഗണനക്ക് സമർപ്പിക്കുകയുണ്ടായി. ബോർഡ് ഇക്കാര്യം വിശദമായി ചർച്ചചെയ്യുകയും വാട്ടർ ചാർജ് ബില്ലിന്റെ സമയ പരിധിയും ഗാർഹിക വിഭാഗം കണക്ഷനുകളിലെ കുടിശ്ശികയുടെ ഫൈനും കാലോചിതമായി പുനക്രമീകരിക്കുന്നതു ഉചിതമെന്ന് തീരുമാനിക്കുകയുണ്ടായി. ആയതിനാൽ ഇനിമേൽ ഉപഭോക്താക്കൾക്ക് പിഴയില്ലാതെ വാട്ടർ ചാർജ് അടക്കുവാൻ 10 ദിവസവും പിഴയോടു കൂടി അടക്കുവാൻ 15 ദിവസവും എന്ന ക്രമത്തിൽ പുനഃക്രമീകരിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

കൂടാതെ ഗാർഹിക വിഭാഗത്തിലെ വാട്ടർ ചാർജിന്റെ ഫൈൻ (നിലവിൽ പ്രതിമാസം 5 രൂപ എന്നുള്ളത്) ആദ്യ 30 ദിവസത്തേക്ക് പ്രതിമാസം വാട്ടർ ചാർജ് കുടിശ്ശികയുടെ ഒരു (1%) ശതമാനവും അതിനു ശേഷം പ്രതിമാസം ഒന്നര (1.5%) ശതമാനം നിരക്കിലും (സാധാരണ പലിശ നിരക്കിൽ) ഈടാക്കേണ്ടതാണെന്നു കൂടി ഇതിനാൽ ഉത്തരവാകുന്നു.

മേൽ പരാമർശിച്ച രണ്ട് മാറ്റങ്ങളും 01/09/2021 മുതൽ നടപ്പിൽ വരുന്നതാണ്. e-Abacus ൽ ഇതിനു ആവശ്യമായ മാറ്റങ്ങൾ DBA വരുത്തേണ്ടതാണ്.

(ഒപ്പ്)
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ചീഫ് എൻജിനീയർമാർക്കും
എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാർക്കും
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും

ഉത്തരവിന്റെ പകർപ്പ്

എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
PA TO MD/PA TO AM/PA TO TM/CE(HRD),CE(OPERETIONS)
FM&CAO, DBA,SF

Draft #2 of File 14031/SS I (RMC)/2021/KWA Approved by Managing Director on 24-Aug-2021 12:53 PM - Page 1

The document is digitally approved. Hence signature is not needed.